**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 732** **28-01-2026 - ൽ മറുപടിയ്ക്ക്**

**ഭൂതത്താൻകെട്ട് മിനി ജലവൈദ്യുതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഭൂതത്താൻകെട്ട് മിനി ജലവൈദ്യുതി പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s.Sree Saravana Engineering Bhavani Private Ltd- M/s. Hunan Zhaoyang Generating Equipment Co. Ltd കൺസോർഷ്യത്തിന് 18.03.2015-ലെ എഗ്രിമെന്റ് പ്രകാരം നൽകുകയും ടി പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 86.61% പൂർത്തീകരിക്കുകയും ചെയ്തു. ചൈനയിൽ നിന്നും മൂന്നാമത്തെ കൺസൈൻമെന്റ് ഇറക്കുമതി ചെയ്യുന്നതിനായി കെ.എസ്.ഇ. ബി.എൽ., M/s.Sree Saravana Engineering Bhavani Private Ltd., M/s.Hunan Zhaoyang Generating Equipment Co. Ltd, China എന്നിവർ ചേർന്ന് ഒരു ത്രികക്ഷി കരാർ 27.04.2022 ൽ ഒപ്പിട്ടു. 22.06.2023- ൽ നടന്ന ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരം കരാറും അനുബന്ധ നടപടികളും സംബന്ധിച്ച നിയമോപദേശം അഡ്വക്കേറ്റ് ജനറൽ, കേരള-യിൽ നിന്ന് തേടിയിരുന്നു. 09.07.2024- ന് ലഭിച്ച നിയമോപദേശപ്രകാരം പ്രസ്തുത കരാറു കാരനുമായി ചർച്ച നടത്തി മൂന്നാമത്തെ കൺസൈൻമെന്റ് ഇറക്കുമതി ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കരാറുകാരൻ ഇത് ഇറക്കുമതി ചെയ്യാത്ത പക്ഷം പ്രസ്തുത കോൺട്രാക്ട് കരാറുകാരന്റെ റിസ്ക് & കോസ്റ്റിൽ പുതിയ ദർഘാസ് ക്ഷണിച്ച് പൂർത്തീകരിക്കേണ്ടതാണ്. ടി നിയമോപദേശ പ്രകാരം കെ.എസ്.ഇ.ബി.എൽ., കൺസോർഷ്യവുമായി പലവട്ടം ചർച്ചകൾ നടത്തിയെങ്കിലും M/s.Hunan Zhaoyang Generating Equipment Co. Ltd, China യും M/s.Sree Saravana Engineering Bhavani Private Ltd. ഉം തമ്മിലുള്ള സാമ്പത്തിക തർക്കങ്ങൾ കാരണം ചർച്ചകൾ ഫലം കണ്ടില്ല. ആയതുകൊണ്ട് 05.08.2025- ൽ കൂടിയ ഫുൾ ടൈം ഡയറക്ടർമാരുടെ |

| | | | |
|---|---|---|---|
| | | | യോഗത്തിൽ കരാറു കാരന്റെ (SSEB) റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുവാൻ തീരുമാനിക്കുകയും 11.08.2025- ന് ടെർമിനേഷൻ ഉത്തരവ് കരാറുകാരന് നൽകുകയും ചെയ്തു. എന്നാൽ കരാറുകാരൻ കെ. എസ്. ഇ. ബി. എൽ. -ന്റെ ഈ ഉത്തരവിനെതിരായി ബഹു.കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ സമർപ്പിച്ചു. സിംഗിൾ ബെഞ്ചിൽ നിന്നും കെ.എസ്.ഇ.ബി.എൽ. എടുത്ത നടപടി ശരിവച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ചു. ഇതിനെതിരെ കരാറുകാരൻ റിട്ട് അപ്പീൽ ഡിവിഷൻ ബെഞ്ചിന്റെ മുൻപാകെ നൽകി. ഇതിന്മേൽ 27.08.2025 ന് കോടതി വാദം കേൾക്കുകയും 15.09.2025 വരെ മൂന്നാമത്തെ കൺസൈൻമെന്റ് ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുവാൻ സമയം അനുവദിക്കുകയും ചെയ്തു. 16.09.2025-ന് നടന്ന വിസ്താരത്തിൽ കോടതി കെ.എസ്.ഇ.ബി.എൽ.-നോട് 18.09.2025-ന് കരാറുകാരനുമായി യോഗം നടത്താൻ ഉത്തരവിട്ടു. 18.09.2025- ന് കരാറുകാരനുമായി നടന്ന മീറ്റിംഗിൽ മൂന്നാമത്തെ കൺസൈൻമെന്റ് ഉപകരണങ്ങളുടെ ഇൻസ്പെക്ഷൻ നടത്തുവാനുള്ള സജ്ജീകരണങ്ങൾ ചെയ്തു തരാമെന്നു കരാറുകാരൻ അറിയിക്കുകയുണ്ടായി. തുടർന്ന് 29.09.2025- ൽ നടന്ന ഫുൾബോർഡ് യോഗത്തിൽ മൂന്നാമത്തെ കൺസൈൻമെന്റ് ഉപകരണങ്ങളുടെ ഇൻസ്പെക്ഷൻ നടത്തുവാൻ തീരുമാനിച്ചു. ഇൻസ്പെക്ഷൻ നടത്താനുള്ള തീയതി കരാറുകാരനിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യുന്നതിനായി മൂന്നാമത്തെ കൺസൈൻമെന്റ് ഉപകരണങ്ങളുടെ ഇൻസ്പെക്ഷൻ നടത്താനുള്ള തീയതി കരാറുകാരനിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ